# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1691.

12/06/2019 -ൽ മറുപടിക്ക്

## സ്വയംഭരണ പദവി ലഭിച്ച കോളേജുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ഡോ.കെ.ടി.ജലീൽ (ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ എത്ര കോളേജുകൾക്ക് സ്വയംഭരണ പദവി അനുവദിച്ചിട്ടുണ്ട്; ഇതിൽ സർക്കാർ അധീനതയിലുള്ള കോളേജുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (എ) സംസ്ഥാനത്ത് നിലവിൽ 19 കോളേജുകൾക്ക് സ്വയംഭരണ പദവി അനുവദിച്ചിട്ടുണ്ട്. ഇതിൽ സർക്കാർ അധീനതയിലുള്ള കോളേജ് എറണാകുളം ഗവൺമെന്റ് മഹാരാജാസ് കോളേജ് ആണ്. |
| (ബി) നാക് അക്രഡിറ്റേഷൻ 3.5 പോയിന്റിൽ കൂടുതലുള്ള കോളേജുകൾക്ക് യു.ജി.സി.യുടെ ധനസഹായത്തിന് അർഹതയുണ്ടോ; എത്ര കോടി രൂപയുടെ ധനസഹായമാണ് ഓരോ കോളേജിനും ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) കോളേജുകൾക്ക് ധനസഹായം നൽകി വരുന്നത് റൂസയാണ്. ഗ്രേഡിംഗിൽ 3.51ന് മുകളിൽ സ്കോർ ഉള്ള സ്വയംഭരണ കോളേജുകൾക്ക് സംസ്ഥാന വിഹിത മടക്കം 5 കോടി രൂപയാണ് ധനസഹായം നൽകുന്നത്. |
| (സി) ഇത്തരത്തിൽ നാക് അക്രഡിറ്റേഷൻ 3.5 പോയിന്റിൽ കൂടുതലുള്ള എത്ര കോളേജുകൾ നിലവിലുണ്ട്; അവ ഏതൊക്കെയാണ്; വിശദാംശം നൽകുമോ; | (സി) സംസ്ഥാനത്ത് നാക് അക്രെഡിറ്റേഷൻ 3.5 ൽ കൂടുതലുള്ള 7 സ്വയംഭരണം ലഭിച്ചിട്ടില്ലാത്ത കോളേജുകൾ ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| ലയോള കോളേജ്, തിരുവനന്തപുരം | 3.72 |
| കത്തോലിക്കേറ്റ് കോളേജ്, പത്തനംതിട്ട | 3.43 |
| എസ്.ഡി. കോളേജ്, ആലപ്പുഴ | 3.53 |
| സേക്രട്ട് ഹാർട്ട് കോളേജ്, ചാലക്കുടി | 3.55 |
| ലിറ്റിൽ ഫ്ലവർ കോളേജ്, തൃശ്ശൂർ | 3.56 |
| പ്രോവിഡൻസ് കോളേജ്, കോഴിക്കോട് | 3.52 |
| ഗവ.സംസ്കൃത കോളേജ്, തിരുവനന്തപുരം | 3.58 |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത കോളേജുകൾക്ക് സ്വയംഭരണ പദവി നൽകണമെന്ന് ശിപാർശ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ? | (ഡി) | സ്വയംഭരണ കോളേജുകൾ സംബന്ധിച്ച നിയമത്തിൽ ചില ഭേദഗതികൾ വേണമെന്ന് നിർദ്ദേശമുണ്ടായിട്ടുണ്ട്. അത് പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**